ഉത്തരം

(എ) താഴെപ്പറയുന്ന രണ്ട് പോൾകാസ്റ്റിംഗ് യൂണിറ്റുകളാണ് ഇപ്പോൾ പ്രവർത്തിച്ചുവരുന്നത്:

1 ചൂലിശ്ശേരി തൃശ്ശൂർ ജില്ല

2 മഞ്ഞാടിപറമ്പ കണ്ണൂർ ജില്ല

(ബി) വയനാട് ജില്ലയിലെ മാനന്തവാടിയിൽ 17-8-2011-ന് പോൾ കാസ്റ്റിംഗ് യൂണിറ്റ് ആരംഭിക്കുകയും രണ്ട് വർഷത്തെ കരാർ അവസാനിച്ചതിനാൽ പ്രവർത്തനം നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രസ്തുത യൂണിറ്റിൽ ബോർഡ് ജീവനക്കാരെ നിയമിച്ചിരുന്നില്ല.

കെ.എസ്.ഇ.ബി.-യിലെ കാഷ്യർ തസ്തികയിലെ ഒഴിവുകൾ

15 (4597) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ഇ.ബി.-യിൽ കാഷ്യർ തസ്തികയിലുള്ള ഒഴിവുകളെത്രയെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ ;

(സി) തസ്തിക പുനർനിർണ്ണയത്തെക്കുറിച്ച് പഠനം നടക്കുന്നതിനാൽ പ്രസ്തുത തസ്തികയിൽ നിയമനം നടത്താത്ത സാഹചര്യമുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ആവശ്യമുള്ള കാഷ്യർ തസ്തിക സംബന്ധിച്ച് ഒരു പഠനം കോഴിക്കോട് IIM-ന്റെ കീഴിൽ നടന്നുവരികയാണ്. പഠന റിപ്പോർട്ട് ലഭ്യമായശേഷം മാത്രമേ അനുവദനീയമായ കാഷ്യർ തസ്തിക, ഒഴിവുകൾ എന്നിവ തിട്ടപ്പെടുത്താൻ കഴിയുകയുള്ളൂ. ആയതിനാൽ ഇപ്പോൾ പി.എസ്.സി.-ക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാനാവില്ല.

കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളുടെ വിഭജനം

16 (4598) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ വിഭജിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മാനദണ്ഡങ്ങളിൽ ഇളവുനൽകി ഏതെങ്കിലും സെക്ഷൻ ഓഫീസുകൾ വിഭജിച്ചിട്ടുണ്ടോ ; എങ്കിൽ അവ എതെല്ലാമാണെന്ന് വ്യക്തമാക്കാമോ ;

(സി) കോവൂർ സെക്ഷൻ വിഭജിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചുവരുന്നു.

കെ.എസ്.ഇ.ബി.-ക്ക് ദേശീയ അവാർഡ്

17 (4599) ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മികച്ച ഊർജ്ജ സംരക്ഷണ പ്രചരണ പ്രവർത്തനങ്ങൾക്കായി വിതരണ കമ്പനികൾക്ക് നൽകുന്ന ദേശീയ അവാർഡ് ഈ സർക്കാരിന്റെ കാലത്ത് കെ.എസ്.ഇ.ബി. കരസ്ഥമാക്കിയിട്ടുണ്ടോ ;

(ബി) കെ.എസ്.ഇ.ബി.-യുടെ എതെല്ലാം പ്രവർത്തനങ്ങളാണ് ഈ അവാർഡ് ലഭിക്കുന്നതിന് അർഹമാക്കിയത് ;

(സി) പ്രസ്തുത അവാർഡിന്റെ മാനദണ്ഡങ്ങൾ എന്തായിരുന്നുവെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) അവാർഡിന് അർഹമാക്കിയ പ്രധാന പ്രവർത്തനങ്ങൾ താഴെപ്പറയുന്നു :

1. വൈദ്യുതി ശൃംഖലയിൽ പ്രസരണ വിതരണ നഷ്ടം ഗുർച്ചയായി കുറയ്ക്കുന്നതിനു സ്വീകരിച്ച നടപടികൾ
2. സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കിടയിലും പൊതുജനങ്ങൾക്കിടയിലും ബോധവത്കരണ പ്രവർത്തനങ്ങൾ കെ.എസ്.ഇ.ബി.-യുടെ ഇരുനൂറോളം വരുന്ന സബ്ഡിവിഷൻ ലെവൽ ഡി.എസ്.എം. സെല്ലുകൾ മുഖാന്തരം നടപ്പിലാക്കിയത്

LIBRARY ARCHIVES Kerala Legislative Assembly